പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5241 24.10.2011 ൽ മറുപടിക്ക്

# ആറ്റിങ്ങൽ ഭാഗത്തെ അപകടങ്ങൾ കുറയ്ക്കാൻ നടപടി

**ചോദ്യം**
ശ്രീ. ബി.സത്യൻ

**ഉത്തരം**
ശ്രീ. വി.എസ്.ശിവകുമാർ
(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | മോട്ടോർ വാഹന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ജോലി എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ; | (എ) | മോട്ടോർ വാഹന നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ വേണ്ടി റോഡിലുള്ള പരിശോധന, വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾ പിടിച്ചെടുത്ത് അവ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുക, റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഡ്രൈവർമാർ ട്രാഫിക് നിയമങ്ങൾ ലംഘിക്കുന്നതു കണ്ടെത്തി ശിക്ഷിക്കുക, ആവശ്യമെന്ന് തോന്നുന്ന പക്ഷം ഇത്തരക്കാർക്ക് ട്രാഫിക് അവബോധ ക്ലാസ്സുകൾ നൽകുക, വാഹനം റോഡിൽ ഉപയോഗിച്ചാൽ മറ്റു റോഡുപയോക്താക്കൾക്ക് അപകടമുണ്ടാകാത്ത രീതിയിൽ മാത്രം വാഹനം ഓടിക്കുന്നുവെന്ന് ഉറപ്പു വരുത്തുക, 'റോഡ് വർത്ത്' അല്ലാത്ത വാഹനങ്ങൾ പൊതു നിരത്തുകളിൽ ഉപയോഗിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുക എന്നിവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രധാന ജോലികൾ. |
| (ബി) | നാഷണൽ ഹൈവേയിൽ ആറ്റിങ്ങൽ ആലംകോട് മുതൽ | (ബി) | ആലംകോട് മുതൽ ചെമ്പകമംഗലം വരെയും പൊരുന്തമണിലും നടക്കുന്ന |

| | | | |
|---|---|---|---|
| | ചെമ്പകമംഗലം വരെയും എം.സി. റോഡിൽ പൊരുന്തമണിലും നിരന്തരമുള്ള റോഡപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി അതോറിട്ടിയും നാട്പാക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്; വിശദമാക്കാമോ? | | അപകടങ്ങൾ ഒഴിവാക്കാൻ റോഡ് സേഫ്റ്റി അതോറിട്ടിയുടെ ഭാഗത്തുനിന്നും നിരന്തരമായ പരിശ്രമമാണ് നടന്നുവരുന്നത്. അപകട സാധ്യത കൂടിയ മേഖലകളിൽ ആറ്റിങ്ങൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ ഉദ്യോഗസ്ഥർ നിരന്തരം വാഹന പരിശോധന നടത്തി വരുന്നു. ആലംകോട് മുതൽ ചെമ്പകമംഗലം വരെയുള്ള നാഷണൽ ഹൈവേ പ്രദേശം ഉൾപ്പെട്ട കൊല്ലം - കോവളം ദേശീയപാത മാതൃകാ റോഡാക്കുന്നതിന് 2.27 കോടിയും സംസ്ഥാനത്തൊട്ടാകെ 1201 സൈൻബോർഡുകൾ സ്ഥാപിക്കുന്നതിന് 6.10 കോടി രൂപയും പൊതുമരാമത്ത് വകുപ്പിന് കേരളാ റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്. കേരളാ റോഡ് സുരക്ഷാ അതോറിറ്റി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നത്. വാഹന അപകടങ്ങൾ നിയന്ത്രിക്കുന്നതിന് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അപകടങ്ങളും അപകട മരണങ്ങളും കൂടുതൽ സംഭവിക്കുന്ന മേഖലകളിൽ അപകട നിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതികൾക്ക് അതോറിറ്റി മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ അപകടങ്ങളും ഗതാഗത കുരുക്കും |

| | | | |
|---|---|---|---|
| | | | കൂടുതൽ സംഭവിക്കുന്ന റോഡുകളിൽ മേഖല അടിസ്ഥാനത്തിൽ പഠനം നടത്തി പോലീസ്, മോട്ടോർ വാഹനം പൊതുമരാമത്ത് എന്നീ വകുപ്പുകൾ റിപ്പോർട്ട് സമർപ്പിക്കുന്നിന്റെ അടിസ്ഥാനത്തിൽ അപകട വിമുക്ത മാതൃകാ റോഡ് പദ്ധതി എന്ന ആശയവും അതോറിറ്റി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്നു. അപകടങ്ങളെ സംബന്ധിച്ചുള്ള ശാസ്ത്രീയമായ അന്വേഷണവും, ഗവേഷണവും റോഡിന്റെയും ഗതാഗത നിയന്ത്രണ സംവിധാനങ്ങളുടെയും ആധുനികവത്കരണം, സ്കൂൾ തലത്തിലുള്ള റോഡ് സുരക്ഷാ വിദ്യാഭ്യാസം, ഡ്രൈവർമാരുടെ പരിശീലനം, ട്രോമകെയർ സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, സുരക്ഷാ ബോധവൽക്കരെണം നൽകൽ തുടങ്ങിയ പദ്ധതികളിലൂടെ മാത്രമേ അപകടങ്ങൾ ഗണ്യമായ തോതിൽ കുറയ്ക്കാൻ സാധിക്കുകയുള്ളൂ. നാഷണൽ ഹൈവേയിലും എം.സി.റോഡിലും നിരന്തരമുള്ള റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പഠനങ്ങൾ നാറ്റ്പാക്ക് നടത്തി വരികയാണ്. |

സെക്ഷൻ ഓഫീസർ